## സംസ്ഥാനത്തെ ഓരോ ജില്ലയ്ക്കും ഗുണകരമാകുന്ന വ്യവസായങ്ങൾ

197 (2419) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഓരോ ജില്ലയിലും ഏതെല്ലാം വ്യവസായങ്ങൾ തുടങ്ങുന്നത് ഗുണകരമായിരിക്കുമെന്നതിനെപ്പറ്റി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓരോ ജില്ലയിലും ഏതെല്ലാം വ്യവസായങ്ങൾ തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ;

(സി) ഇത്തരത്തിലുള്ള വ്യവസായങ്ങൾ തുടങ്ങുന്നവർക്ക് നല്കുന്ന സഹായങ്ങളും ഇവരുടെ ഉൽപ്പന്നം വിപണനം ചെയ്യുന്നതിന് നല്കുന്ന സംവിധാനങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

### ഉത്തരം

(എ) ഇന്റൻസീവ് ഇൻഡസ്ട്രിയൽ ഡ്രൈവിന്റെ ഭാഗമായി ജില്ലകൾതോറും ജില്ലാ വ്യവസായ കേന്ദ്രം കേന്ദ്രീകരിച്ച് വ്യവസായ വികസനം സംബന്ധിച്ച് സാധ്യതാ പഠനം നടത്തിവരുന്നുണ്ട്. ഈ സാമ്പത്തിക വർഷം ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി നടത്തിവരുന്ന ഈ പദ്ധതിയുടെ അടിസ്ഥാനത്തിൽ റിപ്പോർട്ട് പൂർത്തിയായി വരുന്നതേയുള്ളൂ.

(ബി&സി) പഠനം പൂർത്തിയായതിനു ശേഷമേ ഇതിന്റെ വിശദാംശങ്ങൾ ലഭിക്കുകയുള്ളൂ.

## ചെറുകിട വ്യവസായങ്ങൾക്ക് ഓൺലൈൻ ലൈസൻസ്

198 (2420) ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ചെറുകിട വ്യവസായങ്ങൾക്ക് ഓൺലൈൻ ലൈസൻസ് ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ നൽകുമോ ;

(സി) ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുകവഴി നിലവിലെ നിയമത്തിൽ ഭേദഗതിക്കായി എന്തെല്ലാം നടപടി എടുത്തിട്ടുണ്ട് ; വിശദമാക്കുമോ ;

(ഡി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

LIBRARY ARCHIVES Kerala Legislative Assembly